# പതിനാലാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**05.02.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2323**

## വിദേശ മണൽ ഇറക്കുമതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.സി.ജോർജ്** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വിവിധ നിർമ്മാണ മേഖലകളിൽ മണൽ ക്ഷാമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വിവിധ നിർമ്മാണ മേഖലകളിൽ മണൽ ക്ഷാമം നിലവിലുണ്ട്. എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുള്ളതിനു ശേഷം കരമണൽ ഖനനവും പുഴ മണൽ ഖനനവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിൽ വിദേശമണൽ ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ ഏതെങ്കിലും കമ്പനികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ; | (ബി) (ഇ) & (എഫ്) | സംസ്ഥാനത്തെ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ആയതിന് സർക്കാരിന്റെ പ്രത്യേക അനുമതിയോ ലൈസൻസോ ആവശ്യമില്ല. 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ കേരളത്തിലേക്ക് അന്യ സംസ്ഥാന ങ്ങളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇറക്കുമതി ചെയ്ത മണൽ സംസ്ഥാനത്ത് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് ചട്ടപ്രകാരമുള്ള ഡീലേഴ്സ് ലൈസൻസ് ഫീസ് ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി ജില്ലാ ആഫീസിൽ ഒടുക്കേണ്ടതും ഡീലേഴ്സ് ലൈസൻസ് സമ്പാദിക്കേണ്ടതുമാണ്. നിലവിൽ മലേഷ്യയിൽ നിന്നും കേരളത്തിലേക്ക് 88,807 ടൺ മണൽ 2017-18 ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്. ഇറക്കുമതി ചെയ്യുന്ന മണലിന് റോയൽറ്റി ഒടുക്കൽ വരുത്തേണ്ടതില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത പുഴ മണലിന് 16.01.2018 മുതൽ 25.03.2018 വരെ കാലാവധിയിൽ 45,000 മെട്രിക് ടൺ മണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് M/s. Oriental Exim agency, CPOA Building, Indira Gandhi Road, Willington Island, Ernakulam എന്ന സ്ഥാപനത്തിനും 05.12.2017 മുതൽ 27.01.2018 വരെ കാലാവധിയിൽ 43,807 മെട്രിക് ടൺ മണൽ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് M/s.MRM Ramaiya Enterprises Pvt Limited, No.12, Thiruvakkudi, Orumpanadu.P.O, Avudayarkovil (TK), Pudukkottai District, Tamilnadu എന്ന സ്ഥാപനത്തിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസിൽ നിന്നും ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) വിദേശമണൽ ഇറക്കുമതി ചെയ്യുമ്പോൾ രോഗാണുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തേണ്ട പ്ലാന്റ് ക്വാറന്റൈൻ അതോറിറ്റിയുടെ ഓഫീസ് കേരളത്തിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) കൊല്ലം തുറമുഖത്ത് പ്ലാന്റ് ക്വാറന്റൈൻ അതോറിറ്റി ഓഫീസ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് വിദേശമണൽ ഇറക്കുമതി ചെയ്യുന്ന എല്ലാ തുറമുഖങ്ങളിലും പ്രസ്തുത അതോറിറ്റിയുടെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | |
| (ഇ) വിദേശമണൽ ഇറക്കുമതിക്ക് സർക്കാർ ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ; | 'ബി' കാണുക |
| (എഫ്) നിലവിൽ എത്ര കമ്പനികൾക്ക് പ്രസ്തുത ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കമ്പനി, ലൈസൻസി എന്നിവയുടെ പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | |

Manjith

**സെക്ഷൻ ഓഫീസർ**